ഈശോയിൽ സ്നേഹം നിറഞ്ഞ സഹോദര വൈദികരേ, പ്രിയമക്കളേ,

വീണ്ടും ഒരു നോമ്പുകാലത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. നോമ്പുകാലം നമുക്കെല്ലാവർക്കും ഒരു നവീകരണകാലം കൂടിയാണ്. വ്യക്തികൾ എന്ന നിലയിലും സമൂഹം എന്ന നിലയിലും നമ്മൾ നവീകരിക്കപ്പെടുന്ന ദിവസങ്ങൾ. ജീവിതത്തിലെ സ്വാർത്ഥത നിറഞ്ഞ ഇഷ്ടങ്ങളെ കണ്ടെത്തി അവയെ നമ്മുടെ ജീവിതങ്ങളിൽനിന്നും മാറ്റി നിർത്താൻ ആത്മാവിനെയും ശരീരത്തെയും ഈ ദിവസങ്ങളിൽ നമ്മൾ ശീലിപ്പിക്കേണ്ടതുണ്ട്. പ്രലോഭനങ്ങളുടെമേൽ ഈശോ നേടിയ വിജയമാണ് ഈ നവീകരണകാലത്തിൽ നമുക്കു പ്രചോദനം.

ഈശോക്കുണ്ടായ ആദ്യത്തെ പ്രലോഭനം കല്ലുകൾ അപ്പമാക്കി മാറ്റാനുള്ളതായിരുന്നു. ദൈവപുത്രനായ യേശുവിന്റെ ശക്തി സ്വാർത്ഥകാര്യങ്ങൾക്കായി ഉപയോഗിപ്പിച്ച് യേശുവിനെ ലക്ഷ്യത്തിൽനിന്നും വ്യതിചലിപ്പിക്കുക എന്ന ലക്ഷ്യം ഇതിന് പുറകിലുണ്ടായിരുന്നു. തന്റെ വചനം കേട്ടിരുന്ന ജനങ്ങളുടെ ക്ഷീണം മനസ്സിലാക്കിയ ഈശോയുടെ കാരുണ്യം അവിടുത്തെ ബലഹീനതയാണെന്ന് പ്രലോഭകൻ തെറ്റിദ്ധരിച്ചു. അപ്പം ഭക്ഷിച്ച് തൃപ്തരായ ജനങ്ങൾ രാജാവാക്കി വാഴിക്കാൻ ശ്രമിച്ചപ്പോൾ അവരെ ഈശോ നിരുൽസാഹപ്പെടുത്തി. അപ്പം വർദ്ധിപ്പിച്ച് അനുയായികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള പ്രലോഭനത്തെ ഈശോ തള്ളിക്കളഞ്ഞു. ഭൗതികമായ അപ്പത്തേക്കാൾ വലുതാണ് ദൈവത്തിന്റെ അധരങ്ങളിൽനിന്നും പുറപ്പെടുന്ന വചനമെന്ന് അവിടുന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നന്മയാണെന്ന് തെറ്റിദ്ധരിച്ച് വചനത്തിന്റെ വഴികളിൽനിന്നും മാറി നടക്കരുതെന്ന് കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനത്തെ അതിജീവിച്ച ഈശോ നമ്മളെ പഠിപ്പിക്കുന്നു.

ദേവാലയത്തിന്റെ അഗ്രത്തിൽനിന്നും ചാടാനുള്ളതായിരുന്നു ഈശോക്കുണ്ടായ രണ്ടാമത്തെ പ്രലോഭനം. മനുഷ്യൻ കയറിയിരിക്കാൻ പാടില്ലാത്ത ദേവാലയഗോപുരത്തിന്റെ മുകളിലേക്ക് പിശാച് ബോധപൂർവ്വം നമ്മെ കയറ്റുകയും അവിടെനിന്നും ചാടാൻ പ്രലോഭിപ്പിക്കുകയും ചെയ്യുന്നതിന് സമാനമായ അനുഭവങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. ഇല്ലാത്ത കഴിവുകൾ ഉണ്ടെന്ന് നടിച്ച് സിദ്ധവേഷം കെട്ടുമ്പോൾ ദ്രവ്യാഗ്രഹത്തിന്റെയും ജഡമോഹത്തിന്റെയും സ്ഥാനമാനങ്ങളുടെയും അഹന്തയുടെയും പടുകുഴികളാണ് നമ്മുടെ മുന്നിലെന്ന് നമ്മൾ അറിയണം. മനുഷ്യൻ എന്തിനുവേണ്ടി ചാടിയാലും താങ്ങാൻ തയ്യാറായി നിൽക്കുന്ന മാന്ത്രികനല്ല ദൈവം. ''നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്'' എന്ന ദൈവവചനം ഉദ്ധരിച്ചുകൊണ്ട് ഈശോ ഈ പ്രലോഭനത്തെയും ജയിക്കുന്നു.

അസത്യമായതിനെ ആരാധിച്ച് അർഹതയില്ലാത്തത് നേടാനുള്ളതായിരുന്നു ഈശോക്കുണ്ടായിരുന്ന മൂന്നാമത്തെ പ്രലോഭനം. സൃഷ്ടി സ്രഷ്ടാവിനെ ആരാധിക്കണം എന്ന കല്പന രണ്ട് വിധത്തിലാണ് ലംഘിക്കപ്പെടുന്നത്. ഒന്ന്: ആരാധിക്കാതിരിക്കുക. രണ്ട്: ആരാധിക്കാൻ പാടില്ലാത്തതിനെ ആരാധിക്കുക. ആരാധിക്കേണ്ട ദൈവത്തെ ആരാധിക്കാതിരിക്കുന്നതോടൊപ്പം നാം ചെയ്യുന്ന മറ്റൊരു തെറ്റാണ് ആരാധിക്കാൻ പാടില്ലാത്തതിനെ ആരാധിക്കുന്നത്. ദൈവമാണ് നമ്മെ സൃഷ്ടിച്ച് നിരന്തരം പരിപാലിച്ചുകൊണ്ടിരിക്കുന്നത്. അവിടുത്തെ പരിപാലന നമ്മെ താങ്ങി നിർത്തിയില്ലായിരുന്നെങ്കിൽ ഒരൊറ്റനിമിഷംപോലും ഈ ലോകത്തിൽ നമുക്ക് ജീവിക്കാനാകുമായിരുന്നില്ല. ഈ കടപ്പാടിന്റെ അംഗീകാരമാണല്ലോ ദൈവത്തിന് നമ്മൾ കൊടുക്കുന്ന ആരാധന. പഴയനിയമകാലത്തെന്നപോലെ ഇന്നും ചില കള്ളദൈവങ്ങളെ മനുഷ്യൻ കുമ്പിട്ടാരാധിക്കുന്നുണ്ട്. ചാത്തൻസേവ ചെയ്യുന്നവരും ആൾദൈവങ്ങളുടെ പിന്നാലെ പോകുന്നവരും ''നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ'' എന്ന ദൈവകല്പന ലംഘിക്കുന്നവരാണ്. ഇതിനൊക്കെപുറമേ പണവും പ്രശസ്തിയും അധികാരവും നമ്മുടെ ദൈവങ്ങളായി മാറുന്ന സ്ഥിതിവിശേഷവും ഉണ്ട്.

അനുദിനമുണ്ടാകുന്ന പ്രലോഭനങ്ങളോട് പോരാടാൻ നമ്മുടെ ആത്മാവിനെയും ശരീരത്തെയും ഈ നവീകരണ കാലത്തിൽ നമുക്ക് ശീലിപ്പിക്കാം. ഈശോ പ്രലോഭനങ്ങളെ തരണം ചെയ്തത് കഠിനമായ ഉപവാസത്തിലൂടെയും നിരന്തരമായ പ്രാർത്ഥനയിലൂടെയുമാണ്. ഈ നോമ്പുകാലത്തിൽ ഉപവാസവും പ്രാർത്ഥനയും കാരുണ്യപ്രവർത്തികളുംവഴി നമുക്ക് നവീകരിക്കപ്പെടാം. എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ ഒരു നോമ്പുകാലം ആശംസിച്ചുകൊണ്ട്,

മാർ ആന്റണി കരിയിൽ
മണ്ഡ്യ രൂപതയുടെ ഇടയൻ